ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:22-07-2024**

## പ്രധാനവാർത്തകൾ

1. സാമ്പത്തിക സർവേ റിപ്പോർട്ട് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൻറെ മേശപ്പുറത്ത് വച്ചു. ആഗോള സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ആഭ്യന്തര വളർച്ച രാജ്യത്തെ സാമ്പത്തിക നില മെച്ചപ്പെടുത്തിയതായി റിപ്പോർട്ട്.

2. മൂന്നാം നരേന്ദ്ര മോദി സർക്കാരിൻറെ ആദ്യ ബജറ്റ് നാളെ പാർലമെൻറിൽ അവതരിപ്പിക്കും.

3. സംസ്ഥാനത്ത് നിപ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. സമ്പർക്കപ്പട്ടികയിലുള്ള 9 പേരുടെ പരിശോധനാഫലം നെഗറ്റീവെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

4. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർഥി കേന്ദ്രീകൃതമായ മാറ്റമാണ് നടക്കുന്നതെന്ന് മന്ത്രി ആർ ബിന്ദു

5. ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യാകപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റിൽ ബംഗ്ലാദേശ് - തായ്‌ലൻറ് മത്സരം അല്പസമയത്തിനകം. ഇന്നത്തെ ആദ്യ മത്സരത്തിൽ മലേഷ്യയ്ക്കെതിരെ ശ്രീലങ്കയ്ക്ക് ജയം.

*****************

RNU TVPM

## പാർലമെൻറ്

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് തുടക്കമായി. നാളെയാണ് കേന്ദ്ര ബജറ്റ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ആദ്യ ബജറ്റാണിത്. സമ്മേളന കാലയളവിൽ, ആറ് പുതിയ ബില്ലുകൾ സർക്കാർ അവതരിപ്പിക്കും. അടുത്ത മാസം 12 വരെയാണ് സഭ സമ്മേളിക്കുന്നത്.

*****************

## സാമ്പത്തിക സർവേ (ഇൻട്രോ)

ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ദിനമായ ഇന്ന് 2023-2024 വർഷത്തെ സാമ്പത്തിക സർവേ റിപ്പോർട്ട് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൻറെ മേശപ്പുറത്ത് വച്ചു. ആഗോള സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും 2023-24 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വളർച്ച രാജ്യത്തെ സാമ്പത്തിക നില മെച്ചപ്പെടുത്തിയതായി സർവേ പ്രതിപാദിപ്പിക്കുന്നു.
വിശദാംശങ്ങളിലേക്ക്..........
(വോയിസ്)

RNU TVPM

*****************

## പി എം

വികസിത ഭാരതം എന്ന കേന്ദ്രസർക്കാരിൻറെ ദൗത്യത്തിലേക്കുള്ള ശക്തമായ അടിത്തറയായിരിക്കും ഈ വർഷത്തെ ബഡ്ജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തിൻറെ അമൃതകാലത്തിന് വളരെ നിർണായകമാണ് കേന്ദ്ര ബഡ്ജറ്റെന്നും അദ്ദേഹം പറഞ്ഞു. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി .
വരുന്ന അഞ്ചു വർഷം എല്ലാ പാർട്ടികളും രാഷ്ട്രീയപ്രവർത്തനങ്ങൾക്കുപരി രാജ്യത്തിൻറെ വികസനത്തിന് വേണ്ടി സ്വയം സമർപ്പിക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. അടുത്ത തിരഞ്ഞെടുപ്പ് വരുന്നത് വരെ രാജ്യത്തെ

കർഷകരുടെയും യുവാക്കളുടെയും സ്ത്രീകളുടെയും ശാക്തീകരണത്തിന് വേണ്ടി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

*****************

## രാജ്യസഭ

പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. നാളെ, ലോക്സഭയിൽ പൊതുബജറ്റ് അവതരണം കഴിഞ്ഞ് ഒരു മണിക്കൂറിന് ശേഷം രാജ്യസഭ വീണ്ടും സമ്മേളിക്കും. ചോദ്യോത്തരവേളയിലെയും ശൂന്യവേളയിലെയും നടപടികൾ പൂർത്തിയാക്കിയാണ് സഭ ഇന്നത്തേക്ക് പിരിഞ്ഞത്. ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ദിനമായ ഇന്ന് സഭ സമ്മേളിക്കവെ ആരോഗ്യകരമായ ചർച്ചകൾക്കും സംവാദങ്ങൾക്കും അനുകൂലമായ അന്തരീക്ഷം ഒരുക്കാൻ രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖർ അംഗങ്ങളോട് അഭ്യർത്ഥിച്ചു.

*****************

## നിപ

നിപ ബാധിച്ച് മരിച്ച കുട്ടിയുടെ സമ്പർക്കപ്പട്ടികയിലുള്ള 9 പേരുടെ പരിശോധനാഫലം നെഗറ്റീവെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. മരിച്ച കുട്ടിയുടെ മാതാപിതാക്കളുടെ ഫലവും ഇതിൽ ഉൾപ്പെടുന്നു. പട്ടികയിൽ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ഉള്ളവരും ഉൾപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

നിപ ബാധിച്ച കുട്ടി സമീപത്തെ പറമ്പിൽ നിന്ന് അമ്പഴങ്ങ കഴിച്ചതായി കൂട്ടുകാർ സ്ഥിരീകരിച്ചതായും അവിടെ വവ്വാലുകളുടെ സാന്നിധ്യം സ്ഥിരീകരിച്ചിട്ടുണ്ടെന്നും കൂടുതൽ പരിശോധനകൾ നടത്തിയാലേ കാരണം സ്ഥിരീകരിക്കാനാവൂയെന്നും മന്ത്രി പറഞ്ഞു. സമ്പർക്ക പട്ടികയിൽ, ഹൈ റിസ്ക് വിഭാഗത്തിൽ 101 പേരാണുള്ളത്. അതേസമയം,

RNUTVPM

നിപ വ്യാപനം തടയുന്നതിനുള്ള പ്രതിരോധ നടപടികൾ ഊർജിതമാക്കിയിട്ടുണ്ട്.

*****************

## അർജ്ജുൻ

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനെ കണ്ടെത്താനായി കരസേനയുടെ നേതൃത്വത്തിൽ തിരച്ചിൽ ഊർജ്ജിതം. വിദഗ്ധരുടെ നേതൃത്വത്തിൽ ഗംഗാവാലി നദിയിൽ ഉൾപ്പെടെയാണ് ഇപ്പോൾ തിരച്ചിൽ നടക്കുന്നത്. കരയിൽ ലോറി ഇല്ലെന്ന് സൈന്യം സ്ഥിരീകരിച്ചതായാണ് റിപ്പോർട്ട്. അതേസമയം നദീതീരത്ത് നിന്ന് ഒരു സിഗ്നൽ കൂടി ലഭിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ മണ്ണ് നീക്കി പരിശോധിക്കുന്നുണ്ട്. മോശം കാലാവസ്ഥ തിരച്ചിലിന് വെല്ലുവിളി ഉയർത്തിയിരുന്നു.

*****************

## രോഗമുക്തി

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിലായിരുന്ന 14 വയസുകാരന് രോഗമുക്തി. കോഴിക്കോട് മേലടി സ്വദേശിയായ കുട്ടിയ്ക്കാണ് രോഗം ഭേദമായത്.ലോകത്ത് തന്നെ ഇത്തരത്തിൽ രോഗമുക്തി കൈവരിച്ചിട്ടുള്ളത് 11 പേർ മാത്രമാണ്. 97% മരണ നിരക്കുള്ള രോഗത്തിൽ നിന്നാണ് കുട്ടിയെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ സാധിച്ചത്. ഏകോപനത്തിനും ചികിത്സയ്ക്കും നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു. കുട്ടിയ്ക്ക് വേണ്ടിയുള്ള മരുന്ന് ആരോഗ്യവകുപ്പ് പ്രത്യേകമായി എത്തിച്ചു നൽകിയിരുന്നു. മൂന്നാഴ്ച നീണ്ട ചികിത്സയ്ക്കൊടുവിലാണ് രോഗമുക്തി നേടിയത്.

*****************

## ആർ ബിന്ദു

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർഥി കേന്ദ്രീകൃതമായ മാറ്റമാണ് നടക്കുന്നതെന്ന് മന്ത്രി ആർ ബിന്ദു.

RNUTVPM

മലമ്പുഴ ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അക്കാദമിക് ബ്ലോക്കിന്റെ ഒന്നാം നിലയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. നൂതനമായ ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന വിദ്യാർഥികൾക്ക് വലിയ പ്രോത്സാഹനമാണ് സർക്കാർ നൽകുന്നത്. അഞ്ച് മുതൽ 25 ലക്ഷം രൂപ വരെ സർക്കാർ യങ്ങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിലൂടെ നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

*****************

## മനുഷ്യാവകാശ കമ്മീഷൻ

പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ 108 ആംബുലൻസ് ജീവനക്കാർ അടിക്കടി സമരം ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ആരോഗ്യവകുപ്പ് ഡയറക്ടർക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. ശമ്പളം കിട്ടാൻ വൈകുമ്പോൾ സേവനം നിർത്തുന്ന പ്രവണത അടിയന്തരമായി തടയണമെന്ന് ആവശ്യപ്പെട്ടുള്ള പരാതിയിലാണ് നടപടി.

PRNU TVPM

*****************

## ഡയപ്പർ ഡിസ്ട്രോയെർ

സംസ്ഥാനത്ത് ഡയപ്പർ ഡിസ്ട്രോയെർ സ്ഥാപിക്കുന്ന ആദ്യ പഞ്ചായത്ത് എന്ന ബഹുമതി തൃശ്ശൂരിലെ എളവള്ളി ഗ്രാമ പഞ്ചായത്തിന്. ഡയപ്പർ സംസ്കരിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കാനാണ് സ്വന്തമായി ഒരു യന്ത്രം തന്നെ പഞ്ചായത്ത് രൂപകൽപ്പന ചെയ്തത്. ശാസ്ത്രീയമായി ഡയപ്പർ സംസ്കരിക്കാനുള്ള ഈ സംവിധാനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്

*****************

## മഴ

കേരളത്തിൽ വ്യാഴാഴ്ച വരെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വടക്കൻ ജില്ലകളായ മലപ്പുറം, കോഴിക്കോട്,

വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്.

കേരള തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കുണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

*****************

## ഏഷ്യാകപ്പ്

ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യാകപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റിൽ ബംഗ്ലാദേശ് - തായ്‌ലൻറ് മത്സരം അല്പസമയത്തിനകം. ഇന്ന് ഉച്ചയ്ക്ക് നടന്ന ആദ്യ മത്സരത്തിൽ മലേഷ്യയ്ക്കെതിരെ ശ്രീലങ്കയ്ക്ക് 144 റൺസ് ജയം. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക നിശ്ചിത ഓവറിൽ 184 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ മലേഷ്യ 19.5 ഓവറിൽ 40 റൺസ് നേടി എല്ലാവരും പുറത്താവുകയായിരുന്നു.

RNU TVPM

*****************

## വിദ്യാധനം പദ്ധതി

തിരുവനന്തപുരം ജില്ലയിലെ വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന വിദ്യാധനം പദ്ധതി 2024-25 ലേക്ക് അപേക്ഷ ക്ഷണിച്ചു. വിവാഹ മോചിതരായ വനിതകൾ, ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകൾ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകൾ, നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകൾ തുടങ്ങിയവരെയാണ് പദ്ധതിയിൽ എ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പൊതുജന പദ്ധതി അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് മുഖേന ക്ഷേമപദ്ധതിക്ക് അപേക്ഷിക്കാം.

എച്ച്.ഐ.വി ബാധിതരായ വ്യക്തികളുടെ കുട്ടികളെ പദ്ധതിയിൽ ബി കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*****************

## ധനസഹായം

ചിന്നക്കനാലിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട ടാങ്ക്കുടി സ്വദേശി കണ്ണന്റെ കുടുംബത്തിന് സർക്കാർ 10 ലക്ഷം രൂപ സഹായം നൽകുമെന്ന് ദേവികുളം എം എൽ എ  എ രാജ പറഞ്ഞു. കാട്ടാന ശല്യം പ്രതിരോധിക്കാൻ മൂന്ന് ആർ ആർ റ്റി സംഘങ്ങൾ മൂന്നാർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.ചിന്നക്കനാലിലടക്കം ജനവാസമേഖലകളിൽ ഇറങ്ങുന്ന കാട്ടാനകളെ പിടികൂടി ഉൾവനത്തിലേക്ക് മാറ്റിയാൽ മാത്രമെ പ്രശ്നത്തിന് ശാശ്വത പരിഹാരം ആകുവെന്നും അദ്ദേഹം  അടിമാലിയിൽ പറഞ്ഞു.

*****************

RNUTVPM

## ജൽജീവൻ മിഷൻ

ജൽജീവന് മിഷനു കീഴിലെ ഹർ ഖർ ജൽ പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ചു വർഷത്തിൽ ഗ്രാമീണ മേഖലയിൽ 11 കോടി 75 ലക്ഷം പൈപ്പ് കണക്ഷനുകൾ ലഭ്യമാക്കിയതായി കേന്ദ്ര സർക്കാർ.  രാജ്യസഭയിൽ കേന്ദ്ര ജൽശക്തി സഹമന്ത്രി വി സോമണ്ണ രേഖാമൂലം അറിയിച്ചതാണ് ഇക്കാര്യം.  2019 ഓഗസ്റ്റിൽ പദ്ധതി ആരംഭിച്ചപ്പോൾ മൂന്ന് കോടി 23 ലക്ഷം ഗ്രാമീണ വീടുകൾക്കാണ് പൈപ്പ് വെള്ള കണക്ഷൻ ലഭ്യമായത്. എന്നാൽ ഇന്ന് രാജ്യത്തെ 77 ശതമാനത്തോളം ഗ്രാമീണ ഭവനങ്ങളിൽ ജലം ലഭ്യമായതായും മന്ത്രി പറഞ്ഞു.

*****************

*************

*****